"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/224/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 15-07-2023

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - മഴക്കാല ജന്യ പകർച്ച വ്യാധികൾ പ്രതിരോധിക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നത് - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ച സേവനം ഉറപ്പുവരുത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(സാധാ)നം.2096/2017/തസ്വഭവ; തീയതി 21.06.2017
2. 23.06.2017 ലെ ഡിസി/337/2016-തസ്വഭവ നമ്പർ സർക്കുലർ
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
4. കേരള ഗവ. മെഡിക്കൽ ഓഫീസർസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 22.06.2023ലെ 61/2023/K.G.M.O.A നമ്പർ കത്ത്

**********************

മഴക്കാലം ആരംഭിച്ചതിന് ശേഷം വിവിധ പകർച്ചവ്യാധികളും പനിമരണങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചിട്ടുണ്ട്. ഇപ്രകാരം രോഗികളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള കാര്യമായ വർധന, പൊതുവിൽ ജോലിഭാരം കൂടുതൽ ആയിട്ടുള്ള ആരോഗ്യ രംഗത്ത് വലിയ പ്രതിസന്ധിയായിട്ടുണ്ടെന്നും സ്റ്റാഫിന്റെ കുറവ് രോഗീപരിചരണത്തെയും ചികിത്സാ ഗുണമേന്മയെയും ബാധിക്കുമെന്നും കേരള ഗവ. മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട് . മുൻ വർഷങ്ങളിൽ മൺസൂൺ കാലയളവിൽ താത്കാലികമായി ഡോക്ടർമാരെയും പിന്തുണ സംവിധാനങ്ങളെയും നിയമിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് സൂചന 1,2 പ്രകാരം അനുമതി നൽകിയിരുന്നത് മഴക്കാല പകർച്ചവ്യാധി നേരിടുന്നതിന് വളരെയധികം ഫലവത്തായിട്ടുണ്ടെന്നും അതിനാൽ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആശുപത്രികളിൽ തദ്ദേശ സ്ഥാപനങ്ങൾ മുഖേന അധിക ഡോക്ടർമാരെയും സപ്പോർട്ടിങ് സ്റ്റാഫിനെയും നിയമിക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച സൂചന 3 മാർഗരേഖ ഖണ്ഡിക 7.6.2 പ്രകാരം, ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും (01.00 PM- 7.00 PM) ഡോക്ടർമാരുടെ സേവനം ആവശ്യമായി വരുന്ന ഇടങ്ങളിൽ, കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ട് ഡോക്ടർമാരേയും

പാരാമെഡിക്കൽ സ്റ്റാഫിനേയും നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡപ്രകാരം നിയോഗിക്കാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആവശ്യമെങ്കിൽ താലൂക്ക് ആശുപത്രികൾ, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിലെ ബന്ധപ്പെട്ട ആശുപത്രികൾ എന്നിവിടങ്ങളിലും ഓരോ ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയോഗിക്കാവുന്നതാണ്. ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം ഉച്ചകഴിഞ്ഞുകൂടി ഉറപ്പാക്കാനാണ് ഇപ്രകാരം ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയോഗിക്കുന്നത് എങ്കിലും ഇങ്ങനെ നിയോഗിക്കപ്പെടുന്നവർ രാവിലെ 9.00 മണി മുതൽ വൈകിട്ട് 6.00 മണി വരെ സേവനം നടത്തുന്നതിന് ഒരു ടീമായി മറ്റ് ഡോക്ടർമാരുമായി ചേർന്ന് പ്രവർത്തിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ഫീൽഡ് തല പ്രവർത്തനം ഉപ കേന്ദ്ര സേവനം തുടങ്ങിയവയ്ക്കും ഇവരുടെ സേവനം ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

മഴക്കാലം ആരംഭിച്ചതോടനുബന്ധിച്ച് ഉണ്ടായിട്ടുള്ള പകർച്ച പനി വ്യാപനം തടയുന്നതിന്റെ ഭാഗമായി, മേൽ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 ലെ നിബന്ധനകൾക്ക് വിധേയമായി, നിലവിലെ സാഹചര്യം നേരിടുന്നതിന് ആവശ്യമായ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തേണ്ടതാണെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, ആരോഗ്യ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. ജനറൽ സെക്രട്ടറി, കേരള ഗവ. മെഡിക്കൽ ഓഫീസേർസ് അസോസിയേഷൻ
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Viraj K

Date: 15-07-2023 17:32:28

സെക്ഷൻ ഓഫീസർ.